**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **12-02-2024 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഒന്നാം ഘട്ട പ്രവൃത്തികളുടെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം നാളിതുവരെ 73.55 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 1021 പദ്ധതികളിൽ ഇതിനകം 915 പദ്ധതികൾ പൂർത്തീകരിച്ചു. മറ്റ് പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല. എന്നാൽ സ്വിവേജ് പ്ലാന്റുകൾ പൊതുജന പ്രക്ഷോഭം കാരണം പല നഗരസഭകളിലും യഥാസമയം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ബന്ധപ്പെട്ട എം.എൽ.എ.മാർ, നഗരസഭാ അദ്ധ്യക്ഷൻമാർ, ജനപ്രതിനിധികൾ, തദ്ദേശവാസികൾ തുടങ്ങിയവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ഭൂരിപക്ഷം നഗരസഭകളിലും സ്വിവേജ്പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചതെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും ആയതിൽ എത്രതുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ; | (ബി) | അമൃത് ഒന്നാംഘട്ട പദ്ധതിയുടെ കേന്ദ്രവിഹിതം 945.859 കോടി രൂപയും സംസ്ഥാന വിഹിതം 567.52 കോടി രൂപയുമാണ്. നാളിതുവരെ അമൃത് ഒന്നാംഘട്ട പദ്ധതിക്കായി 1687.623 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെയുള്ള 1021 പദ്ധതികളിൽ 915 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് |
| (സി) | രണ്ടാംഘട്ട പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് മുൻഗണന നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | അമൃത് 2.0-യിൽ ജലവിതരണം, സ്വിവേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുദ്ധാരണം, പാർക്കുകളുടെയും ഹരിത ഇടങ്ങളുടെയും നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. 3 ഘട്ടങ്ങളായാണ് പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകുന്നത്. ഇതിനകം 2 ഘട്ടങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2 ഘട്ടങ്ങളിലുമായി 2475.288 കോടി രൂപയുടെ 490 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2391.16 കോടി രൂപയുടെ 448 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ